**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്**
**തിരുവനന്തപുരം -14**

**വിഷയം** - **ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്**- ജീവനക്കാര്യം – ഇ.എസ്.ഐ ആശുപത്രികളിൽ ഫാർമസി ഔട്ട്ലെറ്റ് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം** - 01.02.2017 -ൽ നടന്ന മൂന്നാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിലെ തീരുമാനം.

.............

**ഉത്തരവ് നമ്പർ ബി2- 20468/2014/ഡി.ഐ.എം.എസ് / തീയതി, 31.07.2017**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ കീഴിലുള്ള എല്ലാ ഇ.എസ്.ഐ ആശുപത്രികളിലും ഓരോ ഫാർമസി ഔട്ട്ലെറ്റ് സ്ഥാപിക്കുകയും ഡിസ്പെൻസറികളിൽ നിന്നും റഫർ ചെയ്ത സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭിക്കുന്നതിനായി എത്തുന്ന ഇൻഷ്വേർഡ് വ്യക്തികൾക്ക് ആവശ്യമായ മരുന്നുകൾ ആദ്യത്തെ 5 ദിവസത്തേക്ക് മാത്രം വിതരണം ചെയ്യാവുന്നതാണെന്നും പരാമർശ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഫാർമസികളിലേക്ക് ആവശ്യമായ ഫർണിച്ചറുകളും, ഉപകരണങ്ങളും, മരുന്നുകളും വാങ്ങി ഒരു ഫാർമസ്റ്റിനെ കോൺട്രാക്ട്/ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കേണ്ടതുമാണ്. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ച വിഷയങ്ങൾ അടിസ്ഥാനമാക്കി എല്ലാ ഇ.എസ്.ഐ ആശുപത്രികളിലും ഓരോ ഫാർമസി ഔട്ട്ലെറ്റ് സ്ഥാപിക്കുന്നതിന് ഇതിനാൽ ഉത്തരവാകുന്നു. ഫാർമസി ഔട്ട്ലെറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങുന്നതിന് നിയമപ്രകാരം ക്വട്ടേഷൻ ക്ഷണിച്ച്, ഫണ്ട് ലഭിക്കുന്നതിനായി ആയത് ഈ ആഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

(ഒപ്പ്)

**ഡോ. അജിത നായർ. ആർ**
**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

സ്വീകർത്താവ് .

ആശുപത്രി സൂപ്രണ്ടുമാർ.

പകർപ്പ്

1. സീനിയർ ഫിനാൻസ് ഓഫീസർ/ അക്കൗണ്ട്സ് / എസ്റ്റാബ്ലിഷ്മെന്റ് സൂപ്രണ്ടുമാർ.
2. എഫ്1/എഫ്3/എഫ്4/ഇ4 സെക്ഷനുകൾ/ഇ-ഗവേണൻസ് സെക്ഷൻ.
3. ഫയൽ / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

**ജി.എസ്/-**